# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

16.07.2012 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ. 7153

## കെ.ജി.റ്റി.ഇ.(പ്രിന്റിംഗ്) പരീക്ഷ

**ചോദ്യം**

ശ്രീ. പി.സി. ജോർജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

എ) കെ.ജി.റ്റി.ഇ(പ്രിന്റിംഗ്) പരീക്ഷ എല്ലാ വർഷവും മുടക്കം കൂടാതെ നടത്താൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

ബി) പ്രസ്തുത പരീക്ഷ നടത്തുന്നതിനുള്ള ചുമതല മുൻപ് ആർക്കായിരുന്നു; പരീക്ഷാ നടത്തിപ്പിൽ നിന്ന് ഇവരെ ഒഴിവാക്കാൻ കാരണം എന്തായിരുന്നു;

സി) നിലവിലുള്ള പഠന സമയം അനുസരിച്ച് സി-ആപ്റ്റ് നടത്തുന്ന പ്രിന്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന് സർക്കാർ ജീവനക്കാർക്കും മറ്റ് മേഖലയിൽ ജോലി ചെയ്യുന്നവർക്കും പഠിക്കാൻ അവസരം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കു കൂടി പഠനത്തിന് അവസരം ലഭിക്കത്തക്ക വിധമുള്ള ക്രമീകരണം ഏർപ്പെടുത്താൻ നടപ്പു സാമ്പത്തിക വർഷം തന്നെ നടപടി സ്വീകരിക്കുമോ?

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

(എ) യും (ബി)യും
കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ് ആണ് കെ.ജി.ടി.ഇ. പ്രിന്റിംഗ് ടെക്നോളജി പരീക്ഷ നടത്തിയിരുന്നത്. പരീക്ഷാ നടത്തിപ്പിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത പരീക്ഷാ ചുമതല സാങ്കേതിക പരീക്ഷാ കൺട്രോളറെ ഏൽപ്പിച്ചുകൊണ്ട് 19.11.08 ലെ G.O.(Ms)No.147/08/ H.Edn പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ പരീക്ഷ നടത്താൻ കാലതാമസം നേരിട്ടിട്ടുണ്ട്. പഴയ സിലബസ് പ്രകാരം ഒരു പരീക്ഷ കൂടി നടത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. സാങ്കേതിക പരീക്ഷാ കൺട്രോളറുടെ നിയന്ത്രണത്തിൽ മുടക്കംകൂടാതെ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി) ഇതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ അപേക്ഷകർ ഉണ്ടെങ്കിൽ സി-ആപ്റ്റ് നടത്തുന്ന പ്രിന്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പഠനസമയം പുന:ക്രമീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ